(ബി) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി വിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു ;

(ഡി) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ എത്ര ലഹരി മുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ആകെ എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 ക്ലാസ്സുകളിൽ നടപ്പിലാക്കുകയും 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8, 12 ക്ലാസ്സുകളിലും, 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് മുഖേന 3,42,07,184 രൂപയും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മുഖേന 21,96,831 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം മാറ്റിവച്ച 3.5 കോടി രൂപയിൽ നിന്നും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന 11 ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്കുമായി 1,00,35,840 രൂപ ധനസഹായം അനുവദിക്കുകയും അതിൽ നിന്നും 45,88,032 രൂപ വിതരണം ചെയ്തിട്ടുമുണ്ട്.

**മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ**

82 (87) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് നിലവിൽ ഉള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ പ്രസ്തുത പരിപാടികൾ/പദ്ധതികൾക്ക് എത്ര തുക, വീതം ചെലവിടുമെന്നുള്ള വിവരം ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ പരിപാടികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പൊതുജനങ്ങൾക്കിടയിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി., റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകൾ വഴിയുള്ള ബോധവൽക്കരണ അനൗൺസ്മെന്റ്, കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സൈഡ് പാനൽ വഴിയുള്ള പരസ്യം, കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ, അട്ടപ്പാടി, വയനാട് എന്നീ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സാമൂഹ്യ-സന്നദ്ധസംഘടനകൾ എന്നിവയുമായി സഹകരിച്ച് കൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദുഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും, യുവാക്കളെയും, പൊതുജനങ്ങളെയും ബോധവാൻമാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾ തലങ്ങളിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റുമായും കോളേജ് തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 ക്ലാസ്സുകളിൽ നടപ്പിലാക്കുകയും 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8, 12 ക്ലാസ്സുകളിലും, 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മദ്യം, മയക്കുമരുന്ന്, എന്നിവയുടെ ഉപയോഗംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. വിജയകുമാറിന്റെ നേതൃത്വത്തിൽ 25-11-2013-ലെ ജി.ഒ.ആർ.റ്റി.915/2013/നി.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക സംസ്ഥാനതലത്തിൽ വിവിധ പ്രചാരണ പരിപാടികൾക്കായി അനുവദിക്കുന്നതിനോടൊപ്പം ജില്ലാ തലത്തിലും പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക പൊതുവായി അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ടി തുക ഇനം തിരിച്ചല്ല അനുവദിച്ചു നൽകുന്നത്. ഈ സർക്കാർ ഇതേ വരെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് മുഖാന്തരം ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| നമ്പർ | സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 2011-12 | 1,20,00,000 | 1,19,27,247 |
| 2. | 2012-13 | 90,00,000 | 89,41,085 |
| 3. | 2013-14 | 75,20,000 | 73,38,852 |
| 4. | 2014-15 | 60,00,000 | 60,00,000 |
| | ആകെ | 3,45,20,000 | 3,42,07,184 |

(സി) 2014-15 വർഷത്തിലെ മദ്യനയം പ്രകാരം ബാർ നിർത്തലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെയും മദ്യാസക്തിക്കടിമപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിന് 'പുനർജ്ജനി 2030' എന്ന പദ്ധതി ആവിഷ്കരിക്കുകയും ആയതിലേയ്ക്കുള്ള പദ്ധതി രൂപീകരണത്തിന് 14-10-2014-ലെ ജി.ഒ.എം.എസ്. 174/2014/നി.വ. പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായി ഏഴംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 'പുനർജ്ജനി 2030' പദ്ധതിയുടെ രൂപരേഖ സമർപ്പിക്കുവാൻ മേൽപ്പറഞ്ഞ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മദ്യനയം**

83 (88)ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മദ്യനയത്തിനും അതേ തുടർന്നുള്ള നടപടികൾക്കും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തോടു കൂടിയെടുത്തിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനം എത്രത്തോളം ഉണ്ടായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly